(ഡി) ഭൂമി കയ്യേറ്റവും വ്യാജപട്ടയ നിർമ്മാണവും സംബന്ധിച്ച് എത്ര കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇടുക്കി ജില്ലയിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച് രൂപീകരിച്ച അന്വേഷണ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ സമിതിയുടെ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ;

(ജി) വനം-റവന്യൂ ഭൂമി കയ്യേറ്റം സംബന്ധിച്ചും, വ്യാജ പട്ടയം സംബന്ധിച്ചും ഇപ്പോൾ നടക്കുന്ന വകുപ്പുതല അന്വേഷണത്തിന് പുറമേ നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ ഇതു സംബന്ധിച്ച അന്വേഷണം നടന്നുവരുന്നു.

(സി) ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) കോട്ടയം ജില്ലയിൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് 706 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. വ്യാജപട്ടയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ 1423 വ്യാജപട്ടയ കേസുകളും, ചിറ്റൂർ താലൂക്കിൽ 96 വ്യാജപട്ടയ കേസുകളും കണ്ടെത്തിയിട്ടുണ്ട്. ആരംഭിച്ച അന്വേഷണം പൂർത്തീകരിച്ചാൽ മാത്രമേ എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാവുകയുള്ളു.

(ഇ) അന്വേഷണം പൂർത്തീകരിച്ചിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) പരിഗണനയിലില്ല.

സ്വാശ്രയ കോളേജുകളിലെ ഫീസ്

*14 [134] ശ്രീ. തമ്പാനൂർ രവി:

,, അടൂർ പ്രകാശ്:

,, കെ. അച്ചുതൻ:

,, ടി. എൻ. പ്രതാപൻ:

,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് സംബന്ധിച്ച് അംഗീകൃത രാഷ്ട്രീയ കക്ഷികളുമായും, വിദ്യാർത്ഥി പ്രതിനിധികളുമായും, മാനേജ്മെന്റ് പ്രതിനിധികളുമായും ചർച്ചകൾ നടത്തിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തെല്ലാം തീരുമാനങ്ങളെടുത്തുവെന്നും അതനുസരിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ചർച്ചകൾ നടത്തിയിരുന്നു.

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസ് നിശ്ചയിക്കുന്നതും സംബന്ധിച്ച് ഒരു സമവായം കണ്ടെത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-6-2004-ന് സർവ്വകക്ഷി യോഗവും, 8-6-2004-ൽ സ്വാശ്രയ കോളേജ് മാനേജ്മെന്റ് പ്രതിനിധികളുമായും, വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും പ്രത്യേകം ചർച്ചകളും നടത്തുകയുണ്ടായി. ചർച്ചകളിൽ ഇക്കാര്യത്തിൽ ഒരു സമഗ്ര നിയമനിർമ്മാണം നടത്തുന്നതിനും ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

വിദേശ തൊഴിലന്വേഷകരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ

*15 [135] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

,, പി. സി. ജോർജ്:

,, പിരപ്പൻകോട് മുരളി:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മേഖലയിൽ തൊഴിൽ അന്വേഷകരുടെ സർട്ടിഫിക്കറ്റുകൾ സംസ്ഥാനങ്ങൾക്ക് അറ്റസ്റ്റ് ചെയ്യുന്നതിനുള്ള അവകാശം നൽകുന്നതിന് കേന്ദ്രം തീരുമാനിച്ചിട്ടുള്ളതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) നിലവിൽ റൂട്ട്സ് വഴി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) റൂട്ട്സ് വഴി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം മുതലെടുത്ത് സ്വകാര്യ ഏജൻസികൾ വൻതുക ഉദ്യോഗാർത്ഥികളിൽ നിന്ന് ഈടാക്കുന്നതായും, ചിലപ്പോൾ വ്യാജമായി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതായും ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം ഏജൻസികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly